LIBRARY ARCHIVES Kerala Legislative Assembly

(7) ടൈബൽ ആശുപത്രി

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ആദിവാസി സമൂഹമുള്ള രണ്ടാമത്തെ ജില്ലയായ കാസർഗോഡ് ഈ വിഭാഗത്തിനുവേണ്ടി ഒരു ടൈബൽ ആശുപത്രി ആരംഭിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. സി. എച്ച്. കുഞ്ഞമ്പു ഇവിടെ ഉന്നയിച്ച സബ്മിഷന്റെ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

(8) ഗ്ലോബൽ ആയുർവേദ വില്ലേജ്

ശ്രീ. വി. ജോയി: സർ, വർക്കല അയിരൂർ വില്ലേജിൽ ഗ്ലോബൽ ആയുർവേദ വില്ലേജ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട വിഷയമാണ് ഇവിടെ ഉന്നയിക്കുന്നത്. ധാരാളം ആളുകൾക്ക് ജോലികിട്ടാൻ സാദ്ധ്യതയുള്ളൊരു സ്ഥാപനമാണ്. അടിയന്തരമായി അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഗ്ലോബൽ ആയുർവേദ വില്ലേജിന്റെ ഒന്നാം ഘട്ട പ്രവൃത്തിയുടെ ലീസിന് വച്ചിട്ടുണ്ട്; രണ്ടാം ഘട്ടത്തിന്റെ സംയുക്ത പങ്കാളിയെ തെരഞ്ഞെടുത്തു കഴിഞ്ഞിട്ടുണ്ട്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.*

(9) ഖാദി മേഖലയിലെ ഉത്സവബത്തയും കുടിശ്ശിക വിതരണവും

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, പതിനായിരത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന ഖാദി മേഖലയിൽ ഇൻകം സപ്പോർട്ട് സ്കീം വഴി കിട്ടേണ്ട കൂലിയുടെ കുടിശ്ശിക ഏഴ് മാസമായി ബാക്കിയാണ്. അത് കൊടുത്തുതീർക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ? ഓണക്കാലത്ത് പല മേഖലയിലും ഉത്സവബത്ത പ്രഖ്യാപിച്ചിട്ടുണ്ട്. പരമ്പരാഗത മേഖലയിൽ വിശേഷിച്ചും ഖാദി രംഗത്ത് ഉത്സവബത്ത കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടിയുണ്ടാകുമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഖാദി മേഖലയിൽ റിബേറ്റ് ഇനത്തിൽ പത്ത് കോടി രൂപ ഓണത്തിനുമുമ്പ് വിതരണം ചെയ്യുന്നതാണ്. ഫെസ്റ്റിവൽ അലവൻസ് കഴിഞ്ഞ കൊല്ലത്തെ പോലെ കൊടുക്കുന്നതാണ്. ഇൻകം സപ്പോർട്ട് സ്കീമിൽ എട്ട് കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ബാക്കി തുക വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു*.

---

* അനുബന്ധമായി ചേർത്തിരിക്കുന്നു.

നിയമപ്രകാരം നെൽവയലുകളിൽനിന്നും നീർത്തടങ്ങളിൽനിന്നുമുള്ള ഖനനം നിരോധിച്ച സാഹചര്യത്തിൽ ഡാറ്റാ ബാങ്കിലുൾപ്പെടാത്ത ഭൂമിയിൽ മാത്രമേ ഖനനാനുമതി നൽകാൻ നിലവിലെ നിയമം അനുവദിക്കുന്നുള്ളൂ. കളിമൺപാത്രങ്ങളുടെ വിപണി മെച്ചപ്പെടുത്തുന്നതിലേയ്ക്കായി മൺപാത്ര ക്ഷേമ കോർപ്പറേഷനുമായി സഹകരിച്ച് പദ്ധതികൾ നടപ്പിലാക്കാൻ കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ സന്നദ്ധമാണെന്ന് അറിയിച്ചിട്ടുണ്ട്.

7. (ടൈബൽ ആശുപത്രി സംബന്ധിച്ച് ശ്രീ. സി. എച്ച്. കുഞ്ഞമ്പു, എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് ബഹു.പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ)

കേരളത്തിൽ വയനാട് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പട്ടികവർഗ്ഗ ജനസംഖ്യയുള്ള ജില്ലയാണ് കാസർഗോഡ്. കാസർഗോഡ്, മഞ്ചേശ്വരം, ഹോസ്ദുർഗ്ഗ് താലൂക്കുകളുൾപ്പെടുന്ന പട്ടികവർഗ്ഗ പ്രദേശങ്ങൾ കാസർഗോഡ് ടൈബൽ ഡെവലപ്മെന്റ് ഓഫീസിന്റെ പരിധിയിലും വെള്ളരിക്കുണ്ട് താലൂക്ക് പരിധിയിൽ വരുന്ന പട്ടികവർഗ്ഗ കേന്ദ്രങ്ങൾ പരപ്പ ടൈബൽ ഡെവലപ്മെന്റ് ഓഫീസിന്റെ അധികാര പരിധിയിലുമാണ്. ഇതിൽ പരപ്പ ടൈബൽ ഡെവലപ്മെന്റ് ഓഫീസിന്റെ പരിധിയിൽ വരുന്ന 40,000-ത്തോളം പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പൂടംകല്ല് സാമൂഹ്യാരോഗ്യ കേന്ദ്രം, കാത്തന്നാട് പ്രവർത്തിക്കുന്ന കാസർഗോഡ് ജില്ലാ ആശുപത്രി, വെള്ളരിക്കുണ്ട് പ്രാഥമികാരോഗ്യകേന്ദ്രം എന്നിവിടങ്ങളിൽ കിടത്തി ചികിത്സയുൾപ്പെടെയുള്ള സൗകര്യം ലഭ്യമാണ്. കാസർഗോഡ് ടൈബൽ ഡെവലപ്മെന്റ് ഓഫീസിന്റെ പരിധിയിൽ കാറടുക്ക ബ്ലോക്ക് പരിധിയിലെ കുറ്റിക്കോൽ, ബേഡഡുക്ക പഞ്ചായത്തുകളിലെ മാവിലൻ, മലവേട്ടുവൻ, മറാഠി വിഭാഗക്കാർ നിലവിൽ ചികിത്സയ്ക്കായി കാസർഗോഡ് താലൂക്ക് ആശുപത്രിയെയും പരിയാരം മെഡിക്കൽ കോളേജ് ഹോസ്പിറ്റലിനെയുമാണ് ആശ്രയിക്കുന്നത്. നിലവിൽ ബദിയടുക്ക ഗ്രാമപഞ്ചായത്തിൽ ഒരു ആയുർവേദ ഡിസ്പെൻസറി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ചികിത്സാവശ്യത്തിനായി പൊതുവേ തൊട്ടടുത്തുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് ഇവർ പ്രധാനമായും ആശ്രയിക്കുന്നത്. ബേഡഡുക്ക പഞ്ചായത്തിലെ വലിയപാറയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 10 ഏക്കർ ഭൂമി മോഡൽ റസിഡൻഷ്യൽ സ്കൂൾ നിർമ്മിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. നിലവിൽ കാസർഗോഡ് മേഖലയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ സൗകര്യങ്ങൾ ലഭ്യമാണ്. എന്നിരുന്നാലും ഈ വിഭാഗക്കാർക്കായി കാസർഗോഡ് ഒരു ടൈബൽ ആശുപത്രി അനുവദിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly